"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രയ കുടുംബമായ ശ്രീ.വത്സൻ കുനിയിൽ എന്ന ആൾക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാതെ തന്നെ വീട്ടു നിർമ്മിച്ചു നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.409/2021/LSGD തീയതി,തിരുവനന്തപുരം, 13/02/2021

---

പരാമർശം:- 1 മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17/10/2019തീയതിയിലെ 125/19(2) നം.തീരുമാനം

2 മാങ്ങാട്ടിടം ഗ്രാമഞ്ചായത്ത് പ്രസിഡന്റിന്റെ 17/12/2019ലെ എ1/5000/19 നമ്പർ കത്ത്.

3 കണ്ണൂർ ജില്ലാ പ്ലാനിങ്ങ് ഓഫീസറുടെ 09-01-2020-ലെ കത്ത്.

4 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ21/10/2020-ലെ 4.41-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്തിലെ ആശ്രയ ഗുണഭോക്താവായ ശ്രീ. വത്സൻ കുനിയിൽ എന്നവരെ ലൈഫ് മിഷൻ ഫേസ്-2 ൽ ഉൾപ്പെടുത്തുന്നതിന് പരാമർശം(1) പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് സാങ്കേതിക പ്രശ്നങ്ങളാൽ സോഫ്റ്റ് വെയറിൽ ഇപ്പോൾ സംവിധാനമില്ലാത്തതിനാൽ പ്രസ്തുത ഗുണഭോക്താവിന് ആശ്രയ ഗുണഭോക്താവ് എന്ന നിലയിൽ ഭവന നിർമ്മാണത്തിന് ധന സഹായം നൽകുന്നതിനും, ആയതിന് സാധൂകരണം നൽകുന്നതിനുമുള്ള പരാമർശം (2) മങ്ങാട്ടിടം ഗ്രാമഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് ,പരാമർശം (3) പ്രകാരം കണ്ണൂർ ജില്ലാ പ്ലാനിങ്ങ് ഓഫീസർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം 21/10/2020-ാം തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (4) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആശ്രയ കുടുംബമായ ശ്രീ.വത്സൻ കുനിയിൽ എന്ന ആൾക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടാതെ തന്നെ വീട്ടു നിർമ്മിച്ചു നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

മങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/ പ്രസിഡന്റ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ജില്ലാ പ്ലാനിംഗ് ഓഫീസർ,കണ്ണൂർ.

സെക്രട്ടറി/പ്രസിഡന്റ്, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by
REENAMMA P K
Date: 2021.02.13 19:25:43 IST
Reason: Approved
സെക്ഷൻ ഓഫീസർ